സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2024
Vol. 1 Issue 1 pages

പാലൈ
PALAI பாலை

# ചിന്താവിഷ്ടയായ സീതയിലെ ചിത്രഭാഷ

ഡോ. സുനിൽ ജോസ് *



A line is a dot that went for a walk. - Paul Klee

കീ വേർഡ്സ് / താക്കോൽ വാക്കുകൾ

ചിന്താവിഷ്ടയായ സീത, വാങ്മയ ചിത്രം, ഭാവസംക്രമണം, തൂലികാചിത്രം , ഛായാചിത്രം, ചിത്രഭാഷ.

ഒരു രേഖയിൽ ഒരേ സമയം നിശ്ചലമായ ബിന്ദുവിൻറെയും ചലിച്ച ബിന്ദുക്കളുടെയും അടയാളങ്ങൾ കാണാമെന്ന് പോൾ ക്ലീ എന്ന ചിത്രകാരൻറെ ഈ പരാമർശത്തെ വായിച്ചെടുക്കാം. കുമാരനാശാൻറെ ചിന്താവിഷ്ടയായ സീതയിലും ഇത്തരത്തിൽ ചലന നിശ്ചലതകളുടെ പരമ്പരകൾ കണ്ടെത്താനാകും. ആദികവി വാല്മീകി വിവരിക്കാത്ത സീതയുടെ ജീവിതത്തിൻറെ അതിപ്രധാനമായ ഒരു സന്ദർഭത്തെയാണ് ആശാൻ ഇതിവൃത്തമായി സ്വീകരിച്ചത്. പന്ത്രണ്ടു വർഷക്കാലം ആശ്രമത്തിൽ ജീവിച്ച സീതയാണ് കവിതയിലെ നായിക. തിരോധാനം ചെയ്യുന്നതിൻറെ തലേദിവസം സന്ധ്യയ്ക്ക് ആശ്രമത്തിനു സമീപമുള്ള വാകമരച്ചോട്ടിൽ ഒറ്റയ്ക്കിരിക്കുന്ന സീതയുടെ ചിന്തകളാണ് കവിതിയിലെ പ്രമേയം.

ഒരു ബംഗാളി ചിത്രകാരൻറെ ഭാവനാത്മകമായ പെയിൻറിങ്ങാണ് കാവ്യരചനയ്ക്ക് പ്രചോദനമായതെന്ന് സഹോദരൻ അയ്യപ്പൻ മൃത്യുഞ്ജയം കാവ്യ ജീവിതമെന്ന രചനയിൽ പ്രസ്താവിച്ചിട്ടുണ്ട്. ചിന്താവിഷ്ടയായി ഒരു വലിയ വൃക്ഷത്തിൻറെ കീഴിൽ ഇരിക്കുന്ന സീതാദേവിയുടെ ആന്തരികമായ ഗഹനത ഉൾക്കൊള്ളും വിധമാണ് ചിത്രത്തിലെ രേഖകളുടെ താളക്രമവും വർണ്ണങ്ങളുടെ സംയോഗവും ക്രമീകരിച്ചിരിക്കുന്നത് എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആ ചിത്രത്തിലെ കലാശൈലി പിൻതുടർന്നാണ്'ചിന്താവിഷ്ടയായ സീത'യുടെ ചിത്രം ആശാൻ ആദ്യത്തെ പതിനൊന്ന് ശ്ലോകങ്ങളിലായി അവതരിപ്പിക്കുന്നത്. സീതയുടെ വിചാരമണ്ഡലം അനാവരണം ചെയ്തുകാട്ടാൻ ഒരു ചിത്രകാരൻറെ സൂക്ഷ്മതയോടെ മഹാകവി ശ്രമിക്കുകയാണ്. മനസിൽ ഒറ്റവായനയിലേ തങ്ങിനിൽക്കുംവിധം വാങ്മയ ചിത്രം വരയ്ക്കാനുള്ള ആശാൻറെ കഴിവിനുത്തമമായ ഒരു ഉദാഹരണമാണ് ചിന്താവിഷ്ടയായ സീതയുടെ ഉടജാന്തവാടിയിലെ എല്ലാം മറന്നുള്ള ഇരിപ്പ്.

* ഡോ. സുനിൽ ജോസ് അസിസ്റ്റന്റ് പ്രൊഫസർ മലയാള വിഭാഗം, സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണോമസ് ) ദേവഗിരി, കോഴിക്കോട്.

ഒരു സന്ദർഭത്തെയോ, ദൃശ്യത്തെയോ ചമൽക്കാരപൂർണമായി വാക്കുകൾകൊണ്ട് അവതരിപ്പിക്കുന്നതിനെയാണല്ലോ വാങ്മയചിത്രമെന്നു പറയുന്നത്. ഏകാന്തതയിൽ ചിന്തയിൽ സ്വയം മറന്ന് സ്ഥിതിചെയ്യുന്ന സീതയുടെ ആന്തരിക ലോകത്തിന് ഏറെ പ്രാധാന്യം നൽകികൊണ്ടാണ് ആശാൻ ചുറ്റുപാടുകളെ അവതരിപ്പിക്കുന്നത്. ഭാവസംക്രമണമാണ് കല എന്നൊരു നിർവ്വചനമുണ്ട്. അനുവാചകരിൽ അനുഭൂതിയുളവാക്കണമെങ്കിൽ സുകുമാരകലകളുടെ പൊതുവായ ധർമ്മായ ഭാവസംക്രമണശേഷി കാവ്യഭാഷയ്ക്കുണ്ടായേ തീരൂ. ഈ ഭാവസംക്രമണധർമ്മം കവിയുടെയും കഥാപാത്രത്തിൻറെയും അന്തരംഗം, ആ അന്തരംഗത്തിന് ബാഹ്യലോകത്തോടും ബാഹ്യസംഭവങ്ങളോടുമുള്ള ബന്ധം, ആവിഷ്കൃതമാകുന്ന പ്രമേയത്തിൻറെ നേർക്ക് അവലംബിക്കുന്ന മനോഭാവം എന്നിങ്ങനെ പലതിനെയും ആശ്രയിച്ചിരിക്കുന്നു (എം.കെ.സാനു, 2009:19).

'പൂവാക വിതിർത്ത ശാഖകൾ', 'ഹരിനീലതൃണങ്ങൾ', 'പട്ടുവിരിപ്പ്', 'ചന്ദ്രിക', 'വെള്ളിയിൽ വാർത്ത വനരാജി', തൈജസ കീടപംക്തി', 'താരാപഥഭാഗം', 'വിടപങ്ങളൊടൊത്ത കൈകൾ', 'അല്പമടഞ്ഞകണ്ണുകൾ', 'ചാരുകവിൾത്തടങ്ങൾ' മുതലായ ധാരാളം ഘടകങ്ങൾ ചേർന്ന് രൂപംപ്രാപിക്കുന്ന ഈ തൂലികാചിത്രം ഒരു ഛായാചിത്രംതന്നെയാണ്. ചിത്രത്തിന് വിഷയമാകുന്ന ആളിൻറെ ഛായ - ആകൃതിയും പ്രകൃതിയും ഉൾപ്പെടെ- വ്യക്തീഭവിക്കുക എന്നതാണ് പ്രധാനകാര്യം. 'അയാൾ ഏതുതരക്കാരനാണെന്ന് തെളിയിക്കുന്നതിനുപകരിക്കുന്ന സംഭവങ്ങളും സംഭാഷണങ്ങളും തിരഞ്ഞെടുത്ത് കൂട്ടിയിണക്കുന്നതിലാണ് ചിത്രകാരൻറെ കലാകൗശലം കാണേണ്ടത്'(കുറ്റിപ്പുഴ കൃഷ്ണപിള്ള 1990:88).

ആശാൻറെ ചിന്താവിഷ്ടയായ സീതയുടെ ഇരിപ്പ് രാജാരവിവർമ്മയും ചിത്രമാക്കിയിട്ടുണ്ട്. നിലാവിൽ മുങ്ങിയ വാല്മീകിയുടെ ആശ്രമപരിസരത്ത് തനിച്ചിരിക്കുന്ന സീതയുടെ ചിത്രം ചേതോഹരമാണ്. വാകമരത്തണലിൽ കരിംപച്ച പുല്ലുവിരിപ്പിൽ 'ആനക്കമെന്നിയെ....' 'പരുഷാളകപംക്തി' കാറ്റിലാഞ്ഞുരസുമ്പോഴും ഇമചിമ്മാതെ ഒരു പ്രതിമയെന്നവണ്ണം സ്വയം മറന്നാണ് സീതയുടെ ഇരിപ്പ്. ഒരേ സമയം സിതാചിത്രത്തിൽ അടക്കവും അനക്കവും ആശാൻ കരുതിവച്ചിരിക്കുന്നു. ചിന്തയാംകടൽ ഉള്ളിൽ അനക്കങ്ങൾ സൃഷ്ടിക്കുമ്പോഴും ആ ഇരിപ്പിൽ 'അനക്കമെന്നിയെ' എന്നൊരു നിലയാണ് സീത സൂക്ഷിക്കുന്നത്. കടലിൽ തിരകളിളകുമ്പോലെയാണ് സീതയുടെ ചിന്തകൾ. അവയെ അവതരിപ്പിക്കുന്ന കവിതയിലെ വാക്കുകൾക്കും അതേ സ്വഭാവം തന്നെയാണ്. പ്രശാന്തമായും ഇളകിയുലഞ്ഞു ആർത്തലച്ചും ക്ഷോഭിച്ചും അടങ്ങി ശാന്തതകൈവരിച്ചും ഭിന്നഭാവങ്ങളിൽ കാവ്യത്തിൽ വാക്കുകൾ കടൽത്തിരകളായിമാറുന്നതുകാണാം. നിശ്ചലവും ദൃഢവുമായ ഒരു കരിങ്കൽ ശില്പത്തെ ഓർമ്മിപ്പിക്കുന്നതാണ് ജാനികയുടെ ചിത്രം. എന്നാൽ വനരാജിയും ഘനവേണിയും മിന്നാമിനുങ്ങിൻ കൂട്ടവും താരാപഥവും വിടപങ്ങളും ഇളക്കമില്ലാത്ത കണ്ണുകളും സീതയുടെ അബോധത്തിലെ കരുത്തിനെ എടുത്തുകാട്ടുന്നു. 'വാടിത്തളർന്ന ഒരു യോഗിനിയല്ല പോരാടാൻ കരുത്തുള്ള ഒരു പട്ടമഹിഷിയായാണ് ആശാൻ സീതയെ അവതരിപ്പിക്കുന്നത് (പ്രസന്നരാജൻ, 2018:10) എന്ന നിരീക്ഷണം ശ്രദ്ധേയമാണ്.

ഇത്തരത്തിൽ ആന്തരിക ദ്വന്ദ്വങ്ങളുടെ മേളനം സീതാചിത്രത്തെ കൂടുതൽ കരുത്തുറ്റതാക്കിമാറ്റുന്നു. 'ആശാൻ അവതരിപ്പിക്കുന്ന സീത ആശാൻറെ ആത്മാവിലെ സൈത്രഭാവങ്ങൾക്ക് കാല്പനികമായ വ്യക്തിത്വം ലഭിക്കുകയാൽ അതിൽനിന്നും ഭാഷാദർപ്പണത്തിലേയ്ക്ക് പകർത്തപ്പെട്ടിട്ടുള്ള ഒരു പ്രതിഛായമാത്രമാണ്. അതുപോലെ തന്നെ സഹൃദയൻ ചിന്താവിഷ്ടയായ സീതയുടെ ശോകഭാരം ഏറ്റുവാങ്ങി സ്വന്തം ആത്മാവിൻറെ സൈത്രണഭാവത്തിൽ നിന്നും തൻറേതായ ഒരു സീതയെ ആവിഷ്കരിക്കുക കൂടി ചെയ്യുന്നു (നിത്യചൈതന്യയതി 2013:120) എന്ന നിരീക്ഷണം ഈ കവിതയുടെ ഒരേ സമയം കവിയിലും വായനക്കാരിലും പലതായി പകരാനുള്ള സീതായനങ്ങളുടെ സാധ്യതയെ തുറന്നുകാട്ടുന്നു. 'ഇതിഹാസ പുരാണങ്ങളിൽ സ്ഥലകാല ബന്ധങ്ങൾക്ക് അപ്പുറത്ത് നിലകൊണ്ടിരുന്ന ദേവരൂപങ്ങളെയും നായികാനായകന്മാരെയും മിഥ്യാപരമായ സ്ഥലരൂപ യാഥാർത്ഥ്യം (Illusion of space form) എന്ന കാഴ്ചവട്ടത്തിൻറെ സാങ്കേതികത ഉപയോഗപ്പെടുത്തി തൻറെ സ്ഥലത്തിലേയും കാലത്തിലേയും അതിരുകളിൽ നിലനില്ക്കുന്ന തൊടാൻ കഴിയുന്ന യാഥാർത്ഥ്യമാക്കുകയാണ് രവിവർമ്മ തൻറെ ചിത്രങ്ങളിൽ ചെയ്തത്' (സുനിൽ പി ഇളയിടം,2017:192) എന്ന രവിവർമ്മയെക്കുറിച്ചുള്ള നിരീക്ഷണം സീതാകാവ്യത്തിൽ ആശാൻ നിർവ്വഹിച്ച നിലപാടുകളോട് ചേർന്ന് പോകുന്നത്

തന്നെയാണ്.

ആശാൻ കവിത ആത്മപ്രകാശമുള്ള സ്ത്രീചിത്രണങ്ങൾ കൊണ്ട് സമൃദ്ധമാണ്. ലീലയും നളിനിയും വാസവദത്തയും ചണ്ഡാലകിടാത്തിയും മിഴിവാർന്ന വാങ്മയചിത്രങ്ങൾ തന്നെയാണ്. കരുണയിൽ 'കഞ്ജബാണൻ തൻറെ പട്ടം കെട്ടിയ റാണി'പോലെ വിലസുന്ന കുലഗണികയായ വാസവദത്തയുടെ ചിത്രം ആദ്യം അവതരിപ്പിക്കുന്നു. കാളിമകാളും നഭസ്സിനെ ഉമ്മവയ്ക്കുന്ന വെൺമാളികയുടെ തെക്കെ മലർ മുറ്റത്ത് വ്യാളിമുഖങ്ങൾ കൊണ്ട് അലങ്കരിച്ച വാതിലിലൂടെ കാണാനാവും വിധം അലങ്കാരപ്പണികൾ ചെയ്ത ഇരിപ്പിടത്തിൽ താമരപ്പൂക്കളെ തോൽപ്പിക്കുന്ന തൻറെ വലംകാൽ ഇടത്തുതുടയിൽ കയറ്റിവച്ച് തോഴിയെക്കൊണ്ട് രാമച്ചവീശറിവീശിച്ച് ഇരിക്കുന്ന വാസവദത്തയുടെ ഇരിപ്പിനെയും കവിതാവസാനത്തിൽ 'ഇലയും കുലയുമരിഞ്ഞിട്ട് വെട്ടിമുറിച്ചിട്ട മലവാഴത്തട' പോലുള്ള കിടപ്പിനെയും - ആശാൻ വർണ്ണിക്കുന്നുണ്ട്. 'ചുരുക്കം ചില നേർത്ത വരകൾകൊണ്ട് മിഴിവുറ്റ ചിത്രങ്ങൾ ആലേഖനം ചെയ്യാൻ പ്രകൃത്യാ ഇഷ്ടപ്പെടുന്ന ആശാൻ പതിവിന് വിപരീതമായി കടും നിറവും കട്ടിവരയും കലർത്തിയാണ് ഈ അവസ്ഥാന്തരങ്ങൾ വരച്ചിട്ടുള്ളത്'' എന്ന് എൻ. കൃഷ്ണപിള്ള ചിന്താവിഷ്ടമായ സീതയുടെ ആമുഖത്തിൽ നിരീക്ഷിച്ചിട്ടുണ്ട് (1919:XLV)

കഥാപാത്രത്തിൻറെ പശ്ചാത്തലത്തിനും സ്വഭാവത്തിനും ഇണങ്ങും വിധമാണ് ആശാൻറെ ചിത്രരചനാപാടവം കവിതയിൽ കാണുന്നത്. പ്രതിജനഭിന്ന വിചിത്രമായിരുന്ന ആശാൻറെ കാവ്യപഥം അദ്വൈതം, സാംഖ്യം, ബൗദ്ധദർശനം, ഭൗതികവാദം, മാനവികതാവാദം, അജ്ഞേയത്വവാദം തുടങ്ങിയ വിവിധദർശനങ്ങളുടെ സത്ത ആശാൻ കവിതയിൽ കാണാം (ഡേവിസ് സേവ്യർ , 2017:20). ഈ ദർശനങ്ങളൊക്കെ കാവ്യപ്രമേയത്തോട് സുഘടിതവും ലാവണ്യാ ധിഷ്ഠിതവുമായി ഇണക്കിചേർക്കാൻ കുമാരനാശാന് കഴിഞ്ഞിട്ടുണ്ട്. കാവ്യാർത്ഥത്തെ ദീപ്തമാക്കി വർണ്ണ്യവസ്തുവിൻറെ സൗന്ദര്യം വർദ്ധിപ്പിക്കാൻ ആശാൻ അർത്ഥാലങ്കാരങ്ങളെയും ശബ്ദാലങ്കാരങ്ങളെയും അനന്യമായ ശില്പ വൈദഗ്ദ്ധ്യത്തോടെ ഉപയോഗിച്ചതിൻറെ തെളിവാണ് ചിന്താവിഷ്ടയായ സീത.

1. കുമാരൻ ആശാൻ എൻ 1919 ചിന്താവിഷ്ടയായ സീത, ശാരദ ബുക് ഡിപ്പോ, തോന്നയ്ക്കൽ.
2. പ്രസന്നരാജൻ 2018 അധികാരം സാഹിത്യത്തിൽ സമകാലിക വായനകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
3. നിത്യചൈതന്യയതി 2013 സീത നൂറ്റാണ്ടുകളിലൂടെ ,ഗ്രീൻബുക്സ്, തൃശ്ശൂർ.
4 മൃത്യുഞ്ജയം കാവ്യജീവിതം സഹോദരൻ അയ്യപ്പൻ
5. സാനു എം.കെ. 2009 കാവ്യതത്ത്വപ്രവേശിക, ഡി.സി. ബുക്സ്, കോട്ടയം.
6. സുനിൽ പി.ഇളയിടം 2017 അനുഭൂതികളുടെ ചരിത്രജീവിതം, ചിന്തപബ്ലിക്കേഷൻസ് തിരുവനന്തപുരം.